**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1790** **08-02-2023 - ൽ മറുപടിയ്ക്ക്**

**പ്രശാന്തം പാലിയേറ്റീവ് കെയർ സെന്ററിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ കടുത്തുരുത്തി മണ്ഡലത്തിലെ പെരുവയിൽ പ്രശാന്തം പാലിയേറ്റീവ് കെയർ സെന്ററിന്റെ പ്രവർത്തനത്തിനായി ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ലഭിക്കുന്നതിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | സ്ഥാപനങ്ങൾക്ക് പ്രവർത്തനത്തിനായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് പഞ്ചായത്തുകളാണ്. കോട്ടയം ജില്ലയിൽ കടുത്തുരുത്തി മണ്ഡലത്തിലെ പെരുവയിൽ പ്രശാന്തം പാലിയേറ്റീവ് കെയർ സെന്റർ എന്ന പേരിൽ സ്ഥാപനം ആരംഭിക്കുന്നതിന്റെ ഭാഗമായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട്കൊണ്ട് യാതൊരുവിധ അപേക്ഷയും പ്രസ്തുത സ്ഥാപനത്തിന്റെ ഗ്രാമപഞ്ചായത്ത് പരിധിയായ മുളക്കുളം ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടില്ല |
| (ബി) | സ്ഥാപനത്തിലെ എല്ലാ രോഗികൾക്കും സൗജന്യമായി പാലിയേറ്റീവ് പരിചരണം നടത്തുന്ന പ്രസ്തുത സ്ഥാപനത്തിന് ഫിറ്റ്നസ് ഫീസിൽ ഇളവ് നൽകണം എന്നാവശ്യപ്പെട്ട് സാമൂഹ്യനീതി വകുപ്പ മന്ത്രിക്ക് 1/10/2022-ൽ E 6603420 നമ്പർ പ്രകാരം നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) | ഇ-6603420 നമ്പർ തപാലായി ലഭിച്ച അപേക്ഷ സർക്കാരിൽ എ3/138/2022/സാ.നീ.വ നമ്പർ ഫയലായി പരിശോധിച്ച് വരുകയാണ്. പ്രസ്തുത വിഷയത്തിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെയും, ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയുടെയും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് കോട്ടയം ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | ഈ വിഷയത്തിന്മേൽ കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസർ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായും ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് വരുന്നതായും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് |
| (ഡി) | പ്രശാന്തം പാലിയേറ്റീവ് കെയർ സെന്ററിന് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | സ്ഥാപനത്തിന്റെ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ